The Cochin Co-operative Land-Mortgage Bank Regulation Amendment Bill.

Mr. Thomas Manjuran *(Government Advocate and Law Officer).*—Sir, I beg to move that the Cochin Land Mortgage Bank Regulation Amendment Bill be taken up and finally passed.

Mr. T. S. Narayana Ayyar *(Secretary to Government).*—I second it.

Motion was put and carried.

The Cochin Village Panchayat Regulation Amendment Bill—Sec. 5.

Mr. Thomas Manjuran *(Government Advocate and Law Officer).*—Sir, I beg to move that the Cochin Village Panchayat Regulation Amendment Bill be taken up and finally passed.

Mr. T. S. Narayana Ayyar *(Secretary to Government).*—I second it.

* മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— സർ, ഈ ബില്ലിനെ എതിർക്കുവാനല്ല ഒരു സംഗതി ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണ് ഞാൻ എഴുന്നേറ്റു നില്ക്കുന്നതു്. ഈ റഗ്രലേഷൻ സെലക്ട് കമ്മിറ്റിയിൽ ആലോചിച്ചു റിപ്പോർട്ട് സമർപ്പിച്ച അവസരത്തിൽ ഓരോ പഞ്ചായത്തിലുമുള്ള ഇലക്ഷൻ എല്ലാം ഒരേ തിയ്യതിക്കു വെക്കുവാനായിട്ടുള്ള ഉദ്ദേശമായിരുന്നു. അതോടുകൂടി പഞ്ചായത്തുകളെ ഒക്കെ ഗ്രൂപ്പുചെയ്യേണ്ട സംഗതി ആലോചിച്ചു. അതു ചെയർമാന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നപ്പോൾ എല്ലാ ഗ്രൂപ്പിലെ പഞ്ചായത്തുകളുടെ ഇലക്ഷൻ ഓരേ തിയ്യതിയിൽ ആക്കുവാൻ പഞ്ചായത്തു ഡയറക്ടരോട് ഒരു ഷെഡ്യൂൾ തയ്യാറാക്കി സെലക്ട് കമ്മിറ്റിക്കു സമർപ്പിക്കുവാൻ തീച്ചയാക്കിയതനുസരിച്ചു് അതു സമർപ്പിക്കുകയും ചെയ്തു. എന്നാൽ ആ സംഗതി ഈ ബില്ലിൽ ഇല്ല. ഓരോ ഗ്രൂപ്പുകളിലുമുള്ള പഞ്ചായത്തുകളുടെ 'ടേം' എല്ലാം ഒരേ അവസരത്തിൽ അവസാനിപ്പിക്കുവാനും കൂട്ടുവാനുമായിട്ടാണ് ആ ഷെഡ്യൂളിൽ ഉദ്ദേശിച്ചിരിക്കുന്നതു് എന്നാണു ഞാൻ ധരിച്ചതു്. എന്നാൽ ഇതു പുറത്തുവന്നപ്പോൾ ഒരു ഗ്രൂപ്പിൽ മൂന്നു പഞ്ചായത്തുകളുള്ളതിൽ ആ മൂന്നിന്റേയും ഇലക്ഷൻ മൂന്നു കൊല്ലത്തിലായി നടത്തുവാനാണു ഗവമ്മെൻറു നിശ്ചയിച്ചതു്. ഞാൻ ഒരു പഞ്ചായത്തു പ്രസിഡണ്ടാണു്. എന്റെ ഗ്രൂപ്പിൽ മൂന്നു പ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഞ്ചായത്തുകളുണ്ട്. അതിന്റെ മൂന്നിന്റേയും ഏലക്ഷൻ തിയ്യതി മൂന്നുകൊല്ലത്തിലായിട്ടാണു വച്ചിരിക്കുന്നതു്. ഒന്നു ഫ്രഫ്രവ മിഥുനത്തിലാണെങ്കിൽ മറെറാന്നു ഫ്രഫ്രസ മിഥുനത്തിലാണ്. പിന്നെ ഒന്നു ഫ്രഫ്രര് മിഥുനത്തിലാണു വച്ചിരിക്കുന്നതു്. ഗ്രൂപ്പു് കോർട്ടഫാം ചെയ്യുന്നതു മൂന്നു പഞ്ചായത്തിലേയും ജഡ്ജിമാരെ തിരഞ്ഞെടുത്താണു്. പത്തു പതിനൊന്നു ജഡ്ജിമാരുള്ള ഒരു കോർട്ടിൽ ഒരുകാര്യം ഐകകണ്ഠ്യേന തീരുമാനിക്കുന്നതിനു വളരെ വിഷമമാണു്. അതു വളരെ അബദ്ധത്തിലായിത്തീരാനാണു് എളുപ്പം. ഇതു ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു് ഈ അവസരത്തിൽ ഞാൻ എഴുന്നേറ്റതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പഞ്ചായത്തു് ഉപദേശക കമ്മിറ്റിയിൽ ഞാൻ ഇങ്ങിനെ ഒരു നിയമം കൊണ്ടുവന്നപ്പോൾ ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരുന്നുണ്ടു് എന്നു പറഞ്ഞതിനാൽ ഞാൻ അതു പിൻവലിച്ചു.

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— ഏതെങ്കിലും ഒരു പഞ്ചായത്തിൽ ബുദ്ധിമുട്ടുകൊണ്ടു് ഏലക്ഷൻ നടന്നില്ലെങ്കിലും ഒരു ഗ്രൂപ്പിൽ ഒരു ജഡ്ജി എപ്പോഴും അവിടെ ഉണ്ടായിരിക്കണം. ഇപ്പോൾ മൂന്നു പഞ്ചായത്തിലും ഏലക്ഷൻ നടന്നിട്ടുവേണം ഗ്രൂപ്പു പഞ്ചായത്തു കോർട്ടിലേക്കു ജഡ്ജിയെ എടുക്കുവാൻ. അങ്ങിനെയാകുമ്പോൾ ചിലപ്പോൾ ഒന്നര രണ്ടു മാസത്തേക്കു കോർട്ടുണ്ടാകയില്ല. മൂന്നതവണ നടത്തുകയാണെങ്കിൽ അങ്ങിനെയല്ല. ഒന്നിച്ചുതന്നെ ഏലക്ഷൻ നടത്തണമെന്നു തിച്ചയാക്കുകയാണെങ്കിൽ അങ്ങിനെ നടത്താം. എനിക്കു രണ്ടിനും വിരോധമില്ല.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഗവമ്മെൻറു മിഥുനം ഒന്നാം തിയ്യതി ഏലക്ഷൻ നടത്തുവാൻ തീച്ചയാക്കുകയാണെങ്കിൽ അന്നതന്നെ നടത്തണം. ഇന്ന തിയ്യതിക്കു കോർട്ടഫോം ചെയ്യണമെന്നുവന്നാൽ അതനുസരിച്ചു് ഏലക്ഷൻ നടക്കും; നടന്നില്ലെങ്കിൽ നടത്തണം. ഡാക്ടർ അവർകൾ പറഞ്ഞ ന്യായംതന്നെ എനിക്കു മനസ്സിലാകുന്നില്ല. കാൻഫിഡൻസില്ലാത്ത പ്രസിഡണ്ടുമാർ വരുന്നതിൽ നല്ലതു് ഒന്നു രണ്ടുമാസം കോർട്ടു് ഇല്ലാതിരിക്കുന്നതല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. യോജിപ്പോടുകൂടി കോർട്ട നടക്കേണ്ട എന്നുണ്ടെങ്കിൽ ഇപ്പോഴത്തെ നിയമം വളരെ നല്ലതാണു്. അതല്ല സുഖമായിട്ട കോർട്ട നടത്തിക്കൊണ്ടുപോകണമെങ്കിൽ അതിനുള്ള നിയമങ്ങൾ ഉണ്ടാക്കണം. ഇതു വളരെ ഗൌരവമായിട്ടുള്ള സംഗതിയാണു്.

ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— ഒരുമിച്ചുനടത്തണമെങ്കിൽ അങ്ങിനെ ചെയ്യാം. ഓരോന്നായി നടത്തണമെങ്കിൽ അങ്ങിനെ ചെയ്യാം. ഏതുവിധത്തിലായാലും എനിക്കു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഓരോന്നായി എല്ല കിഷൻ നടത്തുന്നതുകൊണ്ടു വളരെ കഴപ്പും വരാനിടയുണ്ട്. അതുകൊ ണ്ടു മൂന്നംക്രടി ഒരു സമയം നടത്തുവാൻ ആർഡർ ഇട്ടാൽ കൊള്ളാം. ഇതു ഗവമ്മെൻറിന്റെ ദൃഷ്ടിൽ കൊണ്ടുവരുവാൻ മാത്രമാണു ഞാൻ ഇതുയും പറഞ്ഞതു.

Motion that the Cochin Village Panchayat Regulation Amendment Bill be taken up and passed was put and carried.

The Cochin Co-operative Societies Bill.

Mr. K. Narayana Menon (*Registrar of Co-operative Societies*).—I beg to move that the Cochin Co-operative Societies Bill may be taken up and finally passed.

Mr. Thomas Manjuran (*Government Advocate and Law Officer*).—I second it.

Motion was put and carried.

The Cochin Village Panchayat Regulation Amendment Bill—Sec. 27.

Mr. A. Narayana Menon (*Vyttila*).—I beg to move that the Cochin Village Panchayat Regulation Amendment Bill be taken up and finally passed.

Mr. M. V. Cherian (*Mattancherri South*).—I second it.

Motion was put and carried.

The Cochin Free Compulsory Primary Education Bill.

* **Mr. P. Kumaran Ezhuthassan** (*Vadakkancheri*).—I beg to move that the Cochin Free Compulsory Primary Education Bill be taken up and passed. In doing so I am constrained, by a series of circumstances, to advert to various facts concerning the real position of primary education in the State. There seems to be a great deal of misapprehension regarding the exact position at which the State is in the matter of mass literacy. The impression seems to be running in the minds of the people here as also amongst the people outside the State, probably caused

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly